"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 20 ൽ ഉൾപ്പെടുന്ന 25.36 ആർ ഭൂമി കാനം രാജേന്ദ്രൻ ഫൗണ്ടേഷന് സൗജന്യ നിരക്കായ ആറിന് 100 രൂപ എന്ന നിരക്കിൽ 30 വർഷത്തേക്ക് വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനു നൽകി -ഉത്തരവാകുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.45/2026/RD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. കാനം രാജേന്ദ്രൻ സ്മാരക സമിതി പ്രസിഡന്റിന്റെ 29.05.2025 ലെ അപേക്ഷ
2. ജില്ലാ കളക്ടറുടെ 24.1.2026 ലെ DCTVM/9769/2025-B8 നമ്പർ കത്ത്
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 26.01.2026 ലെ LR/7534/2025-LR(J6) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാനം രാജേന്ദ്രന്റെ സ്മരണയ്ക്കായി സ്മാരകം നിർമ്മിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലയിൽ ടി താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ഭൂമി അനുവദിക്കണമെന്ന് കാനം രാജേന്ദ്രൻ സംരക്ഷണ സമിതി പ്രസിഡന്റ് പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 20, റീസർവ്വേ 647/Pt യിൽ ഉൾപ്പെട്ടതും ബി.ടി.ആർ പ്രകാരം സർക്കാർ പുറമ്പോക്കിൽപ്പെട്ടതുമായ ടി 25.36 ആർ ഭൂമി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത ഭൂമി, ശ്രീകാര്യം-ആക്കുളം റോഡിൽ ആക്കുളം എന്ന സ്ഥലത്ത് ടി റോഡിന് പടിഞ്ഞാറും ERTL വക സ്ഥലത്തിന് തെക്കും CESS വക സ്ഥലത്തിന് വടക്കും സത് സംഗ് ഫൗണ്ടേഷൻ വക സ്ഥലത്തിന് കിഴക്കും സ്ഥിതി ചെയ്യുന്നതുമാണ്. ടി ഭൂമിയിക്ക് ന്യായവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട്, ടി സ്ഥലത്തിന് സമീപത്തുള്ളതും സമാനസ്വഭാവമുള്ളതുമായ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 20, റീസർവ്വേ 607/10 ൽപ്പെട്ട ഭൂമിയുടെ ന്യായവില പരിഗണിക്കാവുന്നതും ടി ഭൂമിയ്ക്ക് നടപ്പു സാമ്പത്തിക വർഷം ആർ ഒന്നിന് 16,50,000/- രൂപ വിലയുള്ളതുമാണ്. തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 20, റീസർവ്വെ 647/pt ൽ ഉൾപ്പെട്ട 25.36 ആർ ഭൂമി, ശ്രീ. കാനം രാജേന്ദ്രൻ ഫൗണ്ടേഷന് പാട്ടം/പതിവ് വ്യവസ്ഥയിൽ അനുവദിക്കുന്ന വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ നിന്നും തീരുമാനത്തിനായിട്ടാണ് ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും പരാമർശം 2&3 പ്രകാരം ശിപാർശ ചെയ്തിട്ടുള്ളത്.

3. ടി സർവ്വേ നമ്പറിൽപ്പെട്ട ഭൂമിയിൽ നിന്നും 23.10 ആർ ഭൂമി ശ്രീകാര്യം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി അനുവദിക്കുന്നതിന് പരിഗണിച്ചിരുന്നതും, ടി സർവ്വേ നമ്പറിൽപ്പെട്ട 8.10 ആർ (20 സെന്റ്) ഭൂമി SOLACE എന്ന സ്ഥാപനത്തിന് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ടി ഭൂമി ഭൂനിരപ്പിൽ നിന്നും 30 അടി താഴ്ചയിൽ സ്ഥിതി ചെയ്യുന്നതിനാൽ ടി ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ചെലവ് വളരെ കൂടുമെന്നും കൂടാതെ ടി ഭൂമിയിൽ മെയിൻ റോഡ്

അക്സസ് ഇല്ലാത്തതിനാലും പൊതു ഗതാഗത സൗകര്യം ഇല്ലാത്തതിനാലും ടി ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ആവശ്യമില്ലായെന്നും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ & കമ്മീഷണർ ഓഫ് പോലിസിന്റെ 6/10/25 ലെ കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നതാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 20, റീസർവ്വെ 647/pt-ൽ ഉൾപ്പെട്ട 25.36 ആർ ഭൂമി, കാനം രാജേന്ദ്രൻ ഫൗണ്ടേഷന് സൗജന്യ നിരക്കായ ആറിന് 100 രൂപ എന്ന നിരക്കിൽ 30 വർഷത്തേക്ക് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനു നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii. ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനാേ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii. ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv. ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ടതാണ്;

v. ഭൂമിയിലെ മരങ്ങൾ ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയ ശേഷമേ മുറിക്കാൻ പാടുള്ളൂ. മുറിക്കുന്ന മരങ്ങളുടെ ചട്ടപ്രകാരമുള്ള വില പാട്ടകക്ഷി ഒടുക്കുവരുത്തേണ്ടതാണ്. കൂടാതെ സ്ഥല ലഭ്യത കൂടി കണക്കിലെടുത്തു മുറിക്കുന്നതിന്റെ അനുപാതികമായുള്ള വൃക്ഷ തൈകൾ നട്ടുവളർത്തി പരിപാലിക്കേണ്ടതാണ്;

vi. പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% -മോ അതിന് മുകളിലോ പിഴപ്പലിശ ഈടാക്കുന്നതുമാണ്;

vii. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;

viii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിച്ചാലോ അല്ലെങ്കിൽ സ്ഥാപനം പ്രവർത്തനരഹിതമായാലോ, ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പ്രസിഡന്റ്, കാനം രാജേന്ദ്രൻ ഫൗണ്ടേഷൻ, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് ( 28.1.2026 ലെ ഇനം നം. 3606 പ്രകാരം)

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 31-01-2026 14:27:30

സെക്ഷൻ ഓഫീസർ

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ,യ്ക്ക്